بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ സംഗ്രഹം 18-09-2026**

# തിരുനബി(സ)യുടെ തവക്കുൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദും തഅവ്വുദും സൂറത്തുൽ ഫാത്തിഹയും പാരായണം ചെയ്ത ശേഷം ഹസൂർ അൻവർ(അയ്യദഹുല്ലാഹ്) അരുൾ ചെയ്തു:

നബിതിരുമേനി(സ)ക്ക് അല്ലാഹുവിലുള്ള തവക്കുലിനെക്കുറിച്ച് പ്രതിപാദിക്കവെ കഴിഞ്ഞ ഖുതുബയിൽ അങ്ങ് മക്കയിൽ നിന്ന് ഹിജ്റ ചെയ്ത സംഭവങ്ങളാണ് ഞാൻ വിവരിച്ചത്. ഈ യാത്രയുടെ കൂടുതൽ വിശദാംശങ്ങൾ ചരിത്രത്തിൽ കാണാം. അതിലൂടെ അങ്ങയുടെ തവക്കുലിന്റെ മഹത്ത്വം കൂടുതൽ വ്യക്തമായി വെളിപ്പെടുന്നുണ്ട്.

ഹിജ്റ വേളയിൽ, ഖുറൈശികൾ പ്രഖ്യാപിച്ച ഇനാം മോഹിച്ച് സുറാഖഃ ബിൻ മാലിക് നബിതിരുമേനി(സ)യെയും ഹദ്റത്ത് അബൂബക്കർ (റ)നെയും പിന്തുടർന്നു. പിന്നീട് മുസ്‌ലിമായിത്തീർന്ന സുറാഖഃ ഈ സംഭവം സ്വയം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വിവരണം അനുസരിച്ച്, നബിതിരുമേനി(സ)യെയും ഹദ്റത്ത് അബൂബക്കർ (റ)നെയും ജീവനോടെയോ അല്ലാതെയോ പിടികൂടി നൽകുന്നവർക്ക് ഖുറൈശികൾ നൂറ് ഒട്ടകങ്ങൾ സമ്മാനമായി പ്രഖ്യാപിച്ചിരുന്നു.

മൂന്നുപേരടങ്ങിയ ഒരു സംഘം സമുദ്രതീരത്തേക്ക് പോകുന്നുണ്ടെന്നും അത് മുഹമ്മദ് (സ)യും അദ്ദേഹത്തിന്റെ അനുചരന്മാരുമാകാനാണ് കൂടുതൽ സാധ്യതയെന്നും അറിഞ്ഞ സുറാഖഃ സമ്മാനത്തിൽ വേറാരും പങ്കാളികളാകാതിരിക്കാൻ ആ വിവരം മറച്ചുവെച്ചു. തുടർന്ന് സുറാഖഃ തന്റെ കുതിച്ചു പായുന്ന കുതിരയെ വരുത്തി, ആ യാത്രാസംഘത്തെ പിന്തുടരാൻ തുടങ്ങി. വൈകാതെ തന്നെ അദ്ദേഹം ആ സംഘത്തിനടുത്തെത്തി; എത്രത്തോളമെന്നാൽ നബിതിരുമേനി(സ) ഖുർആൻ പാരായണം ചെയ്യുന്ന ശബ്ദം പോലും അദ്ദേഹത്തിന് കേൾക്കാമായിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ) ഇടയ്ക്കിടെ തിരിഞ്ഞുനോക്കുന്നുണ്ടായിരുന്നുവെങ്കിലും നബിതിരുമേനി (സ) അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നുണ്ടായിരുന്നില്ല. അതിനിടയിൽ സുറാഖയുടെ കുതിര പതിവിനു വിപരീതമായി കാലിടറി വീഴുകയും അതിന്റെ കാലുകൾ മണലിൽ താഴ്ന്നുപോവുകയും ചെയ്തു. ശകുനം നോക്കിയപ്പോൾ സ്വോദ്ദേശ്യത്തിന് എതിരായികണ്ടെങ്കിലും ഇനാം മോഹിച്ച് അദ്ദേഹം മുന്നോട്ട് തന്നെ നീങ്ങി. ഒടുവിൽ കുതിരയുടെ കാലുകൾ മണലിൽ ആഴ്ന്നിറങ്ങിയതോടെ ഈ പോക്കിൽ ഗുണമൊന്നുമില്ലെന്ന് സുറാഖയ്ക്ക് ബോധ്യപ്പെട്ടു.

ഇതോടെ സുറാഖഃ അഭയത്തിനായി ഒച്ചവയ്ക്കുകയും തന്റെ ഭാഗത്തുനിന്ന് യാതൊരു ഉപദ്രവവും ഉണ്ടാവുകയില്ലെന്ന് ഉറപ്പുനൽകുകയും ചെയ്തു. ആ സമയം നബിതിരുമേനി (സ) ഹദ്റത്ത് അബൂബക്കർ (റ)യോട് പറഞ്ഞു: അദ്ദേഹത്തിന് എന്താണ് വേണ്ടതെന്ന് ചോദിക്കൂ. സുറാഖഃ താൻ പിന്തുടർന്നതിന്റെ ഉദ്ദേശ്യം വിവരിച്ചുകൊണ്ട് പറഞ്ഞു: മക്കക്കാർ നിങ്ങൾ ഇരുവർക്കും ഇനാം പ്രഖ്യാപിച്ചിരിക്കുന്നു. അതു മോഹിച്ച് വന്നതാണ് ഞാൻ. എന്നാൽ നിങ്ങളെ പിന്തുടരുന്നത് ശരിയന്ന് സ്വാനുഭവത്തിൽ നിന്ന് എനിക്ക് ബോധ്യപ്പെട്ടു. അദ്ദേഹം യാത്രാഭക്ഷണവും അവശ്യ സാധനങ്ങളും വാഗ്ദാനം ചെയ്തെങ്കിലും നബിതിരുമേനി (സ) അത് സ്വീകരിച്ചില്ല. ഞങ്ങളെക്കുറിച്ച് ആരോടും പറയരുതെന്ന് മാത്രം പറഞ്ഞു. ആ ഉറപ്പ് നല്കിക്കൊണ്ട് സുറാഖഃ ഒരു അഭയപത്രം ആവശ്യപ്പെട്ടു. നബിതിരുമേനി(സ)യുടെ കൽപ്പനപ്രകാരം അദ്ദേഹത്തിന് അഭയപത്രം നൽകപ്പെട്ടു.

ഒരു നിവേദനമനുസരിച്ച്, സുറാഖ തിരിച്ചുപോകവേ നബിതിരുമേനി (സ) അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

'സുറാഖാ!കിസ്റയുടെ വളകൾ നിന്റെ കൈകളിൽ അണിയുമ്പോൾ എന്തായിരിക്കും നിന്റെ അവസ്ഥ?' സുറാഖഃ ആശ്ചര്യത്തോടെ ചോദിച്ചു: 'ഹുർമുസിന്റെ മകൻ കിസ്റയുടെയോ?'
'അതേ,ഹുർമുസിന്റെ മകൻ കിസ്റയുടെ തന്നെ!' നബിതിരുമേനി (സ) പറഞ്ഞു.
പിന്നീട് ഹദ്റത്ത് ഉമർ (റ)ന്റെ ഖിലാഫത്ത് കാലത്ത് കിസ്രയുടെ വളകളും കിരീടവും അരപ്പട്ടയും മദീനയിൽ എത്തിയപ്പോൾ, ഹദ്റത്ത് ഉമർ(റ) സുറാഖയെ വിളിച്ചുവരുത്തുകയും ആ വളകൾ അദ്ദേഹത്തെ അണിയിക്കുകയും ചെയ്തു. എന്നിട്ട് ഇപ്രകാരം പറയാൻ കൽപ്പിച്ചു: 'ഹുർമുസിന്റെ മകനായ കിസ്രയിൽ നിന്ന് ഇവ രണ്ടും പിടിച്ചെടുത്ത് എനിക്ക് നൽകിയ അല്ലാഹുവിന് സർവ്വ സ്തുതിയും!'
ഹുസൂർ അൻവർ അരുൾ ചെയ്തു: ഭൗതിക മാർഗങ്ങൾ ഏർപ്പാടു ചെയ്യുകയും ഉപയോഗപ്പെടുത്തുകയും ചെയ്തതിനുശേഷം അല്ലാഹുവിൽ ഭരമേൽപ്പിക്കുക അനിവാര്യമാണ്. നബിതിരുമേനി(സ)യുടെ തവക്കുലിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) ഈ വിഷയം ഇപ്രകാരം വിവരിക്കുന്നു:
ദൈവിക സത്തയിൽ ദൃഢമായി വിശ്വസിക്കുന്നതോടൊപ്പം ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയാണ് ദൈവം തന്നെ സൃഷ്ടിച്ചിരിക്കുന്നത് എന്ന് ഉറച്ചു വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് എങ്ങനെയാണ് കർമം ഉപേക്ഷിക്കാൻ കഴിയുക? അവനായിരിക്കും ഏറ്റവും കൂടുതൽ പ്രവർത്തിക്കുക. മുഹമ്മദ്നബി (സ)യുടെ കർമങ്ങൾ അങ്ങയുടെ ഈമാനിന്റെ ഫലമായിരുന്നു. എന്തെന്നാൽ, ഒരു ദൈവമുണ്ടെന്നും അവൻ ഒരു പ്രത്യേക ലക്ഷ്യത്തിനു വേണ്ടിയാണ് തന്നെ സൃഷ്ടിച്ചതെന്നും മനസ്സിലാക്കുന്ന വക്തി ആ ലക്ഷ്യം കൈവരിക്കാനായി പ്രയത്നിക്കുന്നതുമാണ്. നോക്കൂ! മുഹമ്മദ് റസൂലുല്ലാഹി (സ) ഒരുവശത്ത് സൗർ ഗുഹയിലിരുന്ന് ദൃഢവിശ്വാസത്തോടു കൂടി ഹദ്റത്ത് അബൂബക്കർ (റ)യോട് 'അബൂബക്കർ, ഭയപ്പെടേണ്ട! അല്ലാഹു നമ്മോടൊപ്പമുണ്ട്, അവൻ തന്നെ നമ്മെ സംരക്ഷിച്ചുകൊള്ളും' എന്ന് പറയുമ്പോൾ, മറുവശത്ത് മുഴുവൻ ദൈവിക പ്രവർത്തനങ്ങളും അങ്ങയുടെ ചുമലിൽതന്നെയാണ് ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്ന് തോന്നുമാറ് മറ്റു ദീനീ കാര്യങ്ങളിലും അങ്ങ് രാപകൽ വ്യാപൃതനാകുമായിരുന്നു.

അതിനാൽ,മനുഷ്യസാധ്യമായ എന്തെല്ലാം മാർഗ്ഗങ്ങളും മുൻകരുതലുകളും സ്വീകരിക്കാൻ കഴിയുമോ, ആ മാർഗ്ഗങ്ങളെല്ലാം പൂർണ്ണമായി ഉപയോഗപ്പെടുത്തിയ ശേഷം അല്ലാഹുവിൽ തവക്കുൽ ചെയ്യുകയാണ് അങ്ങ് ചെയ്തിരുന്നത്. അതിനാൽ, അങ്ങയുടെ ഈമാൻ അജ്ഞതയോ മടിയോ നിറഞ്ഞ ഒന്നായിരുന്നില്ല; മറിച്ച് അത് അനുഭവസാക്ഷ്യത്തിന്റെ ഈമാനായിരുന്നു.
തവക്കുൽ ചെയ്യുന്നതോടൊപ്പം കർമവും കൂടി ചെയ്തുകൊണ്ട് തവക്കുലിനെയും കർമത്തെയും ഒരുമിച്ചു കൊണ്ടുപോകുന്ന വ്യക്തിയുടേത് മാത്രമേ അനുഭവസാക്ഷ്യത്തിന്റെ വിശ്വാസമാവുകയുള്ളൂ.
ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:
പരിശുദ്ധ മക്കയിൽ നമ്മുടെ നബി (സ)ക്ക് പതിമൂന്ന് വർഷത്തോളം സഹിക്കേണ്ടി വന്ന ആ പീഡാനുഭവചരിത്രം വായിക്കുമ്പോൾ ഒരു കാര്യം വളരെവ്യക്തമായി മനസ്സിലാക്കാൻ സാധിക്കും: സദ്‌വൃത്തരിൽ പൂർണത പ്രാപിച്ച വ്യക്തി വിപത്ഘട്ടത്തിൽ കാണിക്കേണ്ടതായ സ്വഭാവഗുണങ്ങളത്രയും- അതായത് അല്ലാഹുവിൽ ഭരമേൽപ്പിക്കുക, കരഞ്ഞു വിലപിക്കുന്നതിൽ നിന്ന് അകന്നുനിൽക്കുക, തങ്ങളുടെ ദൗത്യത്തിൽ മടി കാണിക്കാതിരിക്കുക, ആരെയും ഭയപ്പെടാതിരിക്കുക- റസൂലുല്ലാഹി (സ) പ്രകടിപ്പിച്ചു. എത്രത്തോളമെന്നാൽ, അങ്ങയുടെ ആ സ്ഥിരചിത്തത കണ്ടുകൊണ്ട് അവിശ്വാസികൾ പോലും വിശ്വാസം കൊള്ളുകയും ദൈവത്തിൽ പൂർണ്ണ വിശ്വാസമുള്ള ഒരു വ്യക്തിക്കേ ഇത്ര ദൃഢനിശ്ചയത്തോടെ ഈ രീതിയിൽ പ്രയാസങ്ങൾ സഹിക്കാൻ സാധിക്കുകയുള്ളൂ എന്നതിന് അവർ സാക്ഷികളാകുകയും ചെയ്തു!
ഹദ്റത്ത് ഉബയ്യ് ബിൻ കഅബ്(റ)ൽ നിന്ന് നിവേദനം: നബിതിരുമേനി (സ)യും സ്വഹാബികളും മദീനയിൽ എത്തുകയും അൻസാറുകൾ അവർക്ക് അഭയം നൽകുകയും ചെയ്തപ്പോൾ, അറേബ്യ മുഴുവൻ അവർക്കെതിരെ അണിനിരന്നു. രാവും പകലും ആയുധമില്ലാതെ കഴിയില്ലെന്ന അവസ്ഥയായി മുസ്‌ലീങ്ങൾക്ക്. തവക്കുലിനോടൊപ്പം സ്വന്തം സംരക്ഷണത്തിനായുള്ള സംവിധാനങ്ങളും അവർ സദാ ചെയ്തുപോന്നു.
ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: ഒരു രാത്രി

നബിതിരുമേനി (സ)ക്ക് ഉറക്കം വന്നില്ല. അവിടുന്ന് പറഞ്ഞു: എന്റെ സ്വഹാബികളിൽപ്പെട്ട ഏതെങ്കിലും ഒരു നല്ല മനുഷ്യൻ ഇന്ന് രാത്രി എനിക്ക് കാവൽ നിന്നിരുന്നെങ്കിൽ എത്ര നന്നായിരുന്നു! അന്നേരം ആയുധങ്ങളുടെ ശബ്ദം കേൾക്കുമാറായി. അന്വേഷിച്ചപ്പോൾ, ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസ് (റ) അങ്ങേയ്ക്ക് കാവൽ നിൽക്കാനായി വന്നതാണെന്ന് പറഞ്ഞു. മറ്റൊരു നിവേദനത്തിൽ സഅ്ദും ഹുദൈഫയും വന്നതായി പരാമർശമുണ്ട്. നബിതിരുമേനി(സ) അവർക്കായി പ്രാർഥിക്കുകയും ഉറങ്ങുകയും ചെയ്തു.

അപ്പോഴാണ് وَاللّٰهُ يَعْصِمُكَ مِنَ النَّاسِ എന്ന ഖുർആൻ വചനം അവതീർണ്ണമായത്. അതായത് അല്ലാഹു നിന്നെ ജനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതാണ്. ഇതിനുശേഷം നബിതിതിരുമേനി(സ) പറഞ്ഞു: ഇനി നിങ്ങൾക്ക് പോകാം; അല്ലാഹു എന്റെ സംരക്ഷണച്ചുമതല ഏറ്റെടുത്തിരിക്കുന്നു.

അല്ലാഹുവിൽനിന്ന് ഉറപ്പ് ലഭിക്കുന്നത് വരെ അവിടുന്ന് ഭൗതിക സംരക്ഷണത്തിനുള്ള സംവിധാനം ഒരുക്കുകയും അല്ലാഹുവിൽ നിന്ന് സംരക്ഷണത്തിന്റെ ഉറപ്പ് ലഭിച്ചതോടെ ആ കാവൽ മാറ്റുകയും ചെയ്തെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഹുസൂർ അൻവർ പറഞ്ഞു: നബിതിരുമേനി(സ) വിവിധ ഭരണാധികാരികളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് കത്തുകൾ അയച്ചപ്പോൾ, കിസ്റാ ചക്രവർത്തി അഹങ്കാരത്തോടെ ആ കത്ത് കീറിപ്പറിച്ച് കഷണങ്ങളാക്കി. ഇതറിഞ്ഞ നബിതിരുമേനി (സ) പരിപൂർണ്ണ തവക്കുലോടു കൂടി അരുൾ ചെയ്തു: അല്ലാഹു തന്നെ ഈ ആളുകളെ കഷണം കഷണമാക്കട്ടെ!

തിരുനബി(സ)യെ അറസ്റ്റ് ചെയ്യാനായി യമനിലെ ഗവർണ്ണർ മുഖേന രണ്ട് സൈനികരെ കിസ്റ അയച്ചു. അവർ നബിതിരുമേനി സമക്ഷം തങ്ങളുടെ യജമാനന്റെ കൽപ്പന അറിയിച്ചപ്പോൾ, അവിടുന്ന് യാതൊരു പരിഭ്രാന്തിയും കൂടാതെ അരുൾ ചെയ്തു: 'ഇന്ന് രാത്രി ഇവിടെ തങ്ങുക, നാളെ ഞാൻ മറുപടി നൽകാം.'

പിറ്റേന്ന് രാവിലെ അവിടുന്ന് അവരോട് തിരികെ പോകാൻ ആവശ്യപ്പെട്ടു. എന്നിട്ട് പറഞ്ഞു: എന്റെ റബ്ബ് ഇന്ന് രാത്രി നിങ്ങളുടെ റബ്ബിനെ അഥവാ കിസ്റയെ വധിച്ചിരിക്കുന്നു! അതേ രാത്രി തന്നെ ഖുസ്രോ പർവേസിനെ അവന്റെ മകനായ ഷിറോവിഹ് വധിച്ചു എന്നാണ് പിന്നീട് അറിയാൻ കഴിഞ്ഞത്.

നബിതിരുമേനി (സ) യുദ്ധത്തിനായി പുറപ്പെടുമ്പോഴും അല്ലാഹുവിന്റെ അനുമതിയോടും പരിപൂർണ്ണ തവക്കുലോടും കൂടിയാണ് പോയിരുന്നത്. പുറപ്പെടുന്ന വേളയിൽ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

اَللّٰهُمَّ أَنْتَ عَضُدِي وَأَنْتَ نَصِيرِي وَبِكَ أُقَاتِلُ

(അതായത്: അല്ലാഹുവേ! നീ എന്റെ ശക്തിയും എന്റെ സഹായിയുമാകുന്നു; നീ മുഖേനയാണ് ഞാൻ പോരാടുന്നത്.)

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു: പ്രയാസ വേളയിൽ മനുഷ്യന് അസ്വസ്ഥതയും വേവലാതിയും ഉണ്ടാകുമെങ്കിലും, തവക്കുൽ ഒരിക്കലും കൈവെടിയരുത്. നബിതിരുമേനി (സ)ക്കും ബദ്ർ യുദ്ധവേളയിൽ കഠിനമായ വ്യാകുലതയുണ്ടായി; അവിടുന്ന് പ്രാർഥിച്ചു: 'എന്റെ നാഥാ! നീ ഈ ചെറിയ സംഘത്തെ നശിപ്പിക്കുകയാണെങ്കിൽ പിന്നീട് ഭൂമിയിൽ നീ ഒരിക്കലും ആരാധിക്കപ്പെടുകയില്ല!' എന്നാൽ അവിടുത്തെ ഈ പ്രയാസം കേവലം മാനുഷികമായ സഹജവികാരങ്ങൾ മൂലമായിരുന്നു. എന്തെന്നാൽ, മറുവശത്ത് അവിടുന്ന് തവക്കുൽ ഒരിക്കലും കൈവിട്ടിരുന്നില്ല. അവിടുത്തെ ദൃഷ്ടികൾ ആകാശത്തിലേക്കായിരുന്നു, അല്ലാഹു തന്നെ ഒരിക്കലും പാഴാക്കുകയില്ലെന്ന് അവിടുന്ന് ഉറച്ചു വിശ്വസിച്ചു. നിരാശയോ വിഷാദമോ ബാധിക്കാൻ അവിടുന്ന് അനുവദിക്കുക പോലും ചെയ്തില്ല.

മാനുഷിക സ്വഭാവങ്ങളുടെയും പദവികളുടെയും പൂർത്തീകരണത്തിന് ഇത്തരം വ്യാകുലതകൾ അനിവാര്യമാണ്. എങ്കിലും മനുഷ്യൻ നിരാശയെ അടുപ്പിക്കരുത്; കാരണം നിരാശയും പ്രതീക്ഷയില്ലായ്മയും സത്യനിഷേധികളുടെ ഗുണമാണ്. മനുഷ്യനെ പലവിധ ചിന്തകളും വ്യാകുലതചിത്തനാക്കുമെങ്കിലും ഈമാൻ ഇത്തരം വ്യാകുലതകളെ അകറ്റുന്നു. മനുഷ്യാവസ്ഥ വ്യാകുലത ക്ഷണിച്ചുവരുത്തുമ്പോൾ, ഈമാൻ അതിനെ ഇല്ലാതാക്കുന്നു.

അഹ്സാബ് യുദ്ധത്തിൽ മുസ്‌ലിംകൾ മദീനയിൽ തന്നെ നിലയുറപ്പിച്ച് ശത്രുക്കളെ നേരിടാൻ തീരുമാനിച്ചു. തവക്കുലിന്റെ കുറവുകൊണ്ടായിരുന്നില്ല ഇത്. മറിച്ച് യുദ്ധ തന്ത്രത്തിന്റെ ഭാഗമായി

രുന്നു. ശത്രുക്കളുടെ പെട്ടെന്നുള്ള ആക്രമണത്തിൽ നിന്ന് സംരക്ഷണം ലഭിക്കുന്നതിനായി മദീനയ്ക്ക് ചുറ്റും കിടങ്ങ് കുഴിച്ചു. കടുത്ത ദാരിദ്ര്യവും പ്രയാസങ്ങളും വകവയ്ക്കാതെ മുസ്‌ലിംകൾ കിടങ്ങ് കുഴിക്കുന്നതിൽ പങ്കാളികളായി.

അഹ്സാബ് യുദ്ധ വേളയിൽ തന്നെ ഹദ്റത്ത് ജാബിർ ബിൻ അബ്ദില്ല അൽ-അൻസാരി (റ) നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ ഇപ്രകാരം കാണാം: കിടങ്ങ് കുഴിക്കുന്നതിനിടയിൽ ഉറച്ച ഒരു പാറക്കല്ല് തടസ്സമായി വന്നു. റസൂലുല്ലാഹി (സ) സ്വയം ആ കല്ല് ഉടയ്ക്കുന്നതിനായി മൺവെട്ടി കൈയിലെടുത്തു. കടുത്ത വിശപ്പ് കാരണം അവിടുത്തെ വയറ്റിൽ കല്ല് വെച്ചുകെട്ടിയിട്ടുണ്ടായിരുന്നു. മൂന്ന് ദിവസമായി അവിടുന്ന് എന്തെങ്കിലും കഴിച്ചിട്ട്. ഹദ്റത്ത് ജാബിർ (റ) വീട്ടിൽ ചെന്ന് കുറച്ച് യവവും ഒരു ആട്ടിൻകുട്ടിയെയും സംഘടിപ്പിച്ചു. ഭക്ഷണം തയ്യാറാക്കി റസൂലുല്ലാഹി (സ)യെ ക്ഷണിച്ചുവെങ്കിലും, അവിടുന്ന് എല്ലാ മുഹാജിറുകളെയും അൻസാറുകളെയും തന്നോടൊപ്പം കൂട്ടുകയാണുണ്ടായത്! ആ അല്പമാത്ര ഭക്ഷണത്തിൽ അല്ലാഹു വളരെയധികം ബറക്കത്ത് നൽകുകയും, സ്വഹാബികൾ എല്ലാവരും വയറുനിറയെ ഭക്ഷിക്കുകയും ചെയ്തു, തന്നെയുമല്ല ഭക്ഷണം ബാക്കിയാകുകയും ചെയ്തു! റസൂലുല്ലാഹി (സ) ഹദ്റത്ത് ജാബിറിന്റെ ഭാര്യയോട് പറഞ്ഞു: ഇനി ഇത് നിങ്ങളും കഴിക്കുക, മറ്റുള്ളവർക്ക് സമ്മാനമായി കൊടുക്കുകയും ചെയ്യുക; കാരണം ജനങ്ങൾക്ക് കടുത്ത വിശപ്പുണ്ട്.

ഹുനൈൻ യുദ്ധത്തിൽ ഹദ്റത്ത് ബറാഅ് ബിൻ ആസിബ് (റ) വിവരിക്കുകയുണ്ടായി: ഒരുവേള മുസ്‌ലിംകൾ പിന്നാക്കം മാറിയെപ്പോഴും റസൂലുല്ലാഹി(സ)യുദ്ധക്കളത്തിൽ നിന്ന് ഒരടി പോലും പിന്നോട്ടുമാറിയില്ല. തന്റെ വെള്ള കുതിരപ്പുറത്ത് ആണ് അവിടുന്ന് സവാരി ചെയ്തിരുന്നത്. അബൂസുഫ്‌യാൻ ബിൻ ഹാരിഥ് ബിൻ അബ്ദിൽ മുത്വലിബ് അതിന്റെ മൂക്കുകയർ പിടിച്ചിട്ടുണ്ടായിരുന്നു. റസൂലുല്ലാഹി (സ) ഈ കവിത പാരായണം ചെയ്യുന്നുണ്ടായിരുന്നു:

اَنَا النَّبِيُّ لَا كَذِب اَنَا ابْنُ عَبْدِ الْمُطَّلِبْ

(അതായത്: ഞാൻ പ്രവാചകനാണ്, അതിൽ യാതൊരു കളവുമില്ല; ഞാൻ അബ്ദുൽ മുത്വലിബിന്റെ മകനാണ്!)

ബദ്ർ യുദ്ധവേളയിൽ ഹബീബ് ബിൻ യസാഫ് എന്ന് പേരുള്ള ശക്തനും ധീരനുമായ ഒരു വ്യക്തി മുസ്‌ലിംകളോടൊപ്പം യുദ്ധത്തിൽ പങ്കാളിയാകാൻ ആഗ്രഹിച്ചു; എന്നാൽ അദ്ദേഹം അപ്പോഴും മുസ്‌ലിമായിരുന്നില്ല. റസൂലുല്ലാഹി (സ) പറഞ്ഞു: 'നമ്മുടെ ദീനിൽ നിലകൊള്ളുന്നവർ മാത്രമേ നമ്മോടൊപ്പം യുദ്ധത്തിന് വരികയുള്ളൂ.' ഹബീബ് ബിൻ യസാഫ് രണ്ടാമതും മൂന്നാമതും വന്ന് ആവശ്യം ഉന്നയിച്ചു. ഒടുവിൽ റസൂലുല്ലാഹി (സ) ചോദിച്ചു: 'നീ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നുവോ?' അദ്ദേഹം 'അതേ' എന്ന് മറുപടി നൽകിയപ്പോൾ അദ്ദേഹം മുസ്‌ലിമാകുകയും ധീരതയോടെ യുദ്ധത്തിൽ പങ്കാളിയാകുകയും ചെയ്തു. കടുത്ത ആവശ്യവും പ്രതിസന്ധിയും നേരിട്ടപ്പോഴും റസൂലുല്ലാഹി(സ) ദൈവിക വാഗ്ദാനങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് അമുസ്‌ലിമിന്റെ സഹായം സ്വീകരിച്ചില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിക്കുന്നു: ഇന്നത്തെ ബുദ്ധിജീവികളുടെ കാഴ്ചപ്പാടിൽ ആരെയെങ്കിലും ശത്രുവാക്കുക എന്നത് തെറ്റാണ്. എന്നാൽ സത്യം പറയട്ടെ, ഇതും സത്യതയുടെ ഒരു തെളിവാണ്! റസൂലുല്ലാഹി (സ) ആരോടും നീക്കുപോക്കുകൾ നടത്തിയില്ല, എല്ലാവരെയും തനിക്കെതിരെ തിരിച്ചു. ആ ആളുകളുടെ കാഴ്ചപ്പാടിൽ നഊദുബില്ലാഹ് അവിടുന്ന് തെറ്റ് ചെയ്യുകയായിരുന്നു! എന്നാൽ കേവലം അല്ലാഹുവിന് വേണ്ടി മാത്രം എല്ലാവരോടും ഇടഞ്ഞത് അവിടുത്തെ സത്യസന്ധതയുടെ വ്യക്തമായ തെളിവാണ്; അതിലൂടെ അങ്ങയുടെ ഈമാനിന്റെ അപാരമായ കരുത്ത് വെളിപ്പെടുന്നു.

اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّ عَلٰى اٰلِ مُحَمَّدٍ وَّ بَارِكْ وَسَلِّمْ
اِنَّكَ حَمِيْدٌ مَّجِيْدٌ

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلاَ مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلاَ هَادِىَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY**
DELIVERED BY
**HAZRAT KHALIFATUL MASIH V(ATBA)**
MASJID MUBARAK UK ON 18.09.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516